**ബ്രാഹ്മണാ: സാധവ: ശാന്താ നി: സംഗാ ഭൂതവത്സലാ:**
**ഏകാന്തഭക്താ അസ്മാസു നിർവ്വൈരാ: സമദർശിന: (12–10–20)**
**സലോകാ ലോകപാലാസ്താൻ വന്ദന്ത്യർച്ചന്ത്യുപാസതേ**
**അഹംച ഭഗവാൻ ബ്രഹ്മാ സ്വയം ച ഹരീശ്വര: (12–10–21)**
**നതേ മയ്യച്യുതേƒജേ ച ഭിദാമണ്വപി ചക്ഷതേ**
**നാത്മനശ്ച ജനസ്യാപി തദ്യുഷ്മാൻ വയമീമഹി (12–10–22)**

*സൂതൻ തുടർന്നു:*
താൻ കാണണമെന്നാഗ്രഹിച്ച ഭഗവൽമായയാണിതെന്നു മനസ്സിലാക്കിയ മാർക്കണ്ഡേയൻ ഭഗവാനെ ധ്യാനിച്ച് ഹൃദയം നിറഞ്ഞ ഭക്തിയോടെ പ്രാർത്ഥിച്ചു.

ഒരുദിവസം ഭഗവാൻ പരമശിവനും പാർവ്വതിയും മുനിയുടെ ആശ്രമത്തിനു മുകളിലൂടെ പറക്കുമ്പോൾ മാർക്കണ്ഡേയൻ ധ്യാനനിരതനായി അതിൽ വിലീനനായിരിക്കുന്നതു കണ്ടു. പാർവ്വതി മുനിയെക്കണ്ട് അദ്ദേഹത്തിൻെറ പരമഭക്തി എത്രമാത്രമുണ്ടെന്ന് മറ്റു ഭക്തൻമാർക്ക് മനസ്സിലാക്കിക്കൊടുക്കാനായി വെളിപ്പെടുത്തണമെന്ന് തൻെറ നാഥനോടഭ്യർത്ഥിച്ചു. ശിവൻ പറഞ്ഞു: ‘‘അദ്ദേഹത്തേപ്പോലുള്ള മാമുനിമാർ ഏതെങ്കിലും ദേവതകളിൽനിന്നും വരം ചോദിക്കുകയില്ല. കണ്ടുകൊള്ളുക.’’ അത്രയും പറഞ്ഞ് അദ്ദേഹം മുനിക്കു മുന്നിൽ ചെന്നു നിന്നു. ധ്യാനവിലീനനായിരുന്നതുകൊണ്ട് പരമശിവൻ വന്നുനിൽക്കുന്നകാര്യം മാർക്കണ്ഡേയൻ അറിഞ്ഞില്ല. അപ്പോൾ ശിവൻ മുനിയുടെ ഹൃദയത്തിൽ കയറി. അപ്പോൾ മാത്രമാണദ്ദേഹം പരമശിവൻെറ സാന്നിദ്ധ്യം മനസ്സിലാക്കിയത്. അദ്ദേഹം പരമശിവനെയും പാർവ്വതിയേയും ഭഗവൽ മഹിമകൾ പാടി പൂജിച്ചു.

*ഭഗവാൻ പരമശിവൻ പറഞ്ഞു:* ‘‘ത്രിമൂർത്തികൾ- ബ്രാഹ്മാവും വിഷ്ണുവും ഞാനും- ഞങ്ങളുടെ ഭക്തൻമാർക്ക് വരമേകുന്നു. അതുകൊണ്ട് മാമുനേ എന്ത് വരമാണ് വേണ്ടതെന്നു പറഞ്ഞാലും. എല്ലാ ദേവതകളും ത്രിമൂർത്തികളായ ഞങ്ങളും, സദാ ശാന്തശീലരും അനാസക്തരും സകലജീവജാല സുഹൃത്തുക്കളും, ഞങ്ങളിൽ പരമഭക്തരും സമദൃഷ്ടികളും, ആരോടും വെറുപ്പില്ലാത്തവരുമായ നിങ്ങളെപ്പോലുള്ള മഹർഷിമാരെ നമസ്ക്കരിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. അവർ ബ്രാഹ്മാവിഷ്ണു മഹേശ്വരൻമാരിൽ യാതൊരു വൈവിദ്ധ്യങ്ങളും ദർശിക്കുന്നില്ല. മാത്രമല്ല വിശ്വത്തിലെ യാതൊരു ജീവകൾതമ്മിലും അവർക്ക് വ്യത്യസ്ഥഭാവമില്ല. അതു കൊണ്ട് ഞങ്ങൾ അങ്ങയേപ്പോലുള്ള മാമുനിമാരെ ആരാധിക്കുന്നു. അങ്ങയേപ്പോലുള്ളവരെക്കുറിച്ച് കേൾക്കുന്നതുകൊണ്ടു തന്നെ കൊടുംപാപികൾ പോലും പവിത്രരാകുന്നു. അങ്ങയെക്കാണാനും അങ്ങയുടെകൂടെ കഴിയാനും സാധിക്കുന്നത് എത്ര മഹത്തരം.’’

*മാർക്കണ്ഡേയൻ പറഞ്ഞു:* ‘‘ഭഗവാനേ അങ്ങയുടെ മഹത്വത്തിൻെറയും പ്രവർത്തനങ്ങളുടെയും ആളം ആർക്കാണളക്കുവാനാവുക? അങ്ങയുടെ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് അനുകരിക്കാൻ വേണ്ടി മാത്രം. ഭഗവാനേ, അവിടേയ്ക്ക് നമസ്ക്കാരം. എനിക്ക് ഒരു വരം മാത്രം മതി. എൻെറ ഹരിഭക്തിയും ഭക്തരിലും അങ്ങയിലും ഉള്ള ഭക്തിയും എന്നെന്നും വളരാനിടവരണം.’’

*പരമശിവൻ പറഞ്ഞു:* ‘‘തഥാസ്തു മഹാമുനേ. ഞാൻ മറ്റൊരു വരം കൂടി നൽകുന്നു. ഈമന്വന്തരം കഴിയുംവരെ അങ്ങയുടെ പ്രശസ്തി നിലനിൽക്കട്ടെ. ആരോഗ്യസൗഭാഗ്യവും മരണത്തിൽനിന്നുള്ള പ്രതിരോധവും അങ്ങേയ്ക്കുണ്ടാവും. അങ്ങേയ്ക്ക് ആത്മജ്ഞാനസാക്ഷാത്ക്കാരം ഉണ്ടാവട്ടെ. അങ്ങൊരു പുരാണം പഠിപ്പിക്കുകയും അത് അങ്ങയുടെ നാമധേയത്തിൽ അറിയപ്പെടുകയും ചെയ്യും.’’

അങ്ങിനെ മാർക്കണ്ഡേയൻ ഭഗവൽമായയുടെ മാസ്മരീകത അനുഭവിച്ചു. ഒരുപ്രളയം അതിജീവിച്ചു എന്ന തോന്നലുമുണ്ടായി. അദ്ദേഹം മഹായോഗിയായി ജീവിച്ച് ഒടുവിൽ പരമപദം പൂകി.